# വിദ്യാഭ്യാസത്തിന്റെ ഭാവിയെന്തു്?

ഡോക്ടർ കെ. ഭാസ്കരൻനായർ

ഇന്നു് ലോകമാകെ ബഹുമാനിക്കുന്ന ജനകീയ വ്യവസ്ഥിതിയിൽ വിചിത്രമായ ഒരു പ്രതിഭാസം പലപ്പോഴും, പല ദിക്കിലും, നടക്കാറുള്ളതായി കണ്ണുള്ളവർക്കൊക്കെ കാണുവാൻ സാധിക്കും. ഭൂരിപക്ഷത്തിന്റെ ഇംഗിതം നടക്കാതിരിക്കുക എന്ന അത്ഭുതമാണിതു്! വിദ്യാഭ്യാസമണ്ഡലത്തിലാണു് ഇതു് ഏററവും പ്രത്യക്ഷമായി കാണുന്നതു്. അഞ്ഞൂറോ ആയിരമോ വിദ്യാർത്ഥികൾ കാലത്തു് വീട്ടിൽനിന്നു് കിട്ടുന്നതും കഴിച്ചു്, പൊതിച്ചോറും കെട്ടി, ബസ്സിലും തീവണ്ടിയിലും ഞെരുങ്ങിക്കയറിയും, കാൽനടയായും സ്കൂളിലും കോളേജിലും വരുന്നു. വല്ലതും നാലക്ഷരം പഠിക്കണമെന്നല്ലാതെ അവർക്കാർക്കും ഒരു ദുരുദ്ദേശവുമില്ല. പട്ടിണികിടന്നും, പണയം വെച്ചും, കടംവാങ്ങിയും പണമുണ്ടാക്കി അവരെ ഇങ്ങനെ പറഞ്ഞയയ്ക്കുന്ന രക്ഷിതാക്കൾക്കും ദുരുദ്ദേശമൊന്നുമില്ല. പക്ഷേ, രാഷ്ട്രീയക്കാരിൽനിന്നു് ദുരുദ്ദേശം അച്ചാരം വാങ്ങിക്കൊണ്ടു് മററൊരുത്തൻ തലേദിവസംതന്നെ കാത്തുകിടപ്പുണ്ടു്. അവൻ കള്ളംപറഞ്ഞോ, കാപ്പിവാങ്ങിക്കൊടുത്തോ, നാലഞ്ചു പേരെക്കൂടി കൂട്ടുപിടിക്കുന്നു. ഇവർക്കു് വിദ്യാർത്ഥിജീവിതത്തിൽ ഒന്നും നഷ്ടപ്പെടാനില്ല. എന്തെങ്കിലും നേടാമെന്നുകരുതി വിദ്യാലയത്തിൽ ചേർന്നവരുമല്ല. ചിലപ്പോൾ, പണ്ടുപണ്ടേ അവിടെനിന്നു് പൊഴിഞ്ഞുപോയവരും ആയിരിക്കാം. ഇവർക്കു് ഇത്രവളരെ സമപ്രായക്കാരെ ഒരുമിച്ചു കാണുമ്പോൾ ഇരുപ്പുറയ്ക്കുകയില്ല എന്ന ഒരു സുഖക്കേടുണ്ടു്. ആ മഹാസമൂഹത്തിന്റെ മുമ്പിൽ ഒന്നു് 'വിലസണം'. ഇങ്ങനെയുള്ളവരെ തിരഞ്ഞുപിടിക്കാൻ രാഷ്ട്രീയക്കാർക്കു് സവിശേഷവാസനയുണ്ടു്. ഇതിന്നു് നേതൃത്വപരിശീലനം എന്ന ഭംഗിയുള്ള പേരും നല്കിയിട്ടുണ്ടു്. രാഷ്ട്രീയപ്രവർത്തനം എന്നു പറയുന്ന തൊഴിലുതന്നെ (അതു് ഇക്കാലത്തു് വളരെ ആദായകരമായി വളർന്നിട്ടുണ്ടെന്നു പറയുന്നു.) ഇങ്ങനെയുള്ളവർ സൃഷ്ടിച്ചതല്ലെ എന്നു് സംശയിക്കണം.



ഏതായാലും ഈ സാഹസികന്മാർ എന്തെങ്കിലും ഒരു കാരണമുണ്ടാക്കി, കൂകിവിളിച്ചു്, ക്ലാസ്സുകളിൽ കയറി, എല്ലാം അലങ്കോലപ്പെടുത്തി, അന്നത്തെ പഠിപ്പെങ്കിലും മുടക്കുന്നതിൽ വിജയിക്കുന്നു. ഈ പരിപാടി ദിവസവുമെന്നപോലെ രാജ്യമാകെ നടന്നുകൊണ്ടിരിക്കുകയാണു്. അതും ഒരു മൗലികാവകാശത്തിന്റെ സ്വഭാവം കൈക്കൊണ്ടിരിക്കുന്നു. ആർക്കും അതു തടയുവാൻ അധികാരമോ അവകാശമോ ഇല്ല. തടയുവാൻ ശ്രമിച്ചാൽ വിദ്യാലയാദ്ധ്യക്ഷനായാലും ശരി കൈയേററത്തിന്നു് വിധേയനാകും. പോലീസിനെ വിളിച്ചു് ബലം പ്രയോഗിച്ചാൽ, അവർ തലോടുകയും താലോലം പാടുകയും ചെയ്യാതെ വിദ്യാർത്ഥിമർദ്ദനം നടത്തി എന്നു മുറവിളിയുണ്ടാകും. ഉടനെ അന്വേഷണമായി, പോലീസുദ്യോഗസ്ഥന്മാർക്കു് സ്ഥലംമാററമായി, ശിക്ഷയായി. ഒന്നുരണ്ടു വിദ്യാർത്ഥികൾ ആശുപത്രിയിലാവുകയോ മരിക്കുകയോ ചെയ്താൽ പിന്നെ രാജ്യമാകെ കലാപംതന്നെ.

എത്ര സമർത്ഥമായിട്ടാണു് വിദ്യാർത്ഥിലോകത്തെ ഈ നിലയിൽ എത്തിച്ചതു് എന്നാലോചിച്ചാൽ അതിന്റെ പിന്നിലുള്ള പരിപാടിയെപ്പററി ആർക്കും ബഹുമാനം തോന്നും. അടുത്തകാലത്തായി ഈ 'വിദ്യാഭ്യാസപദ്ധതി'യിൽ വ്യാപൃതരായി തുടരെ സാഹസം പ്രവർത്തിക്കുന്നവർക്കു് ഗുണവും ഉണ്ടായിത്തുടങ്ങിയിട്ടുണ്ടു്. എന്നാലും ഒരു ഊഹക്കണക്കു നോക്കിയിട്ടു് ഈ ഭാഗ്യശാലികളുടെ എണ്ണം ലക്ഷ



Digitized by Kerala Sahitya Akademi

ത്തിനു് ഒന്നുപോലും വരുന്നില്ല. കേരളത്തിൽത്തന്നെ അൻപതുലക്ഷത്തിൽപരം വിദ്യാർഥികളുണ്ടല്ലൊ. ഇവരിൽ എട്ടോ പത്തോ പേക്കു് പ്രമാണിത്തം ലഭിക്കുന്നതിനുവേണ്ടിയാണു് ബാക്കിയുള്ളവരെല്ലാം വിദ്യാലയജീവിതം പാഴാക്കേണ്ടിവന്നിരിക്കുന്നതു്. ആ മഹാഭൂരിപക്ഷത്തിന്റെ ഇംഗിതം നടക്കുന്നില്ല. അവർ ആരേയും ദ്രോഹിക്കണമെന്നു് ആഗ്രഹിക്കുന്നില്ല. നന്മയിൽ കൊതിയുള്ളവരുമാണു്. പഠിത്തം മുടങ്ങുന്നതിൽ അങ്ങേയററം സങ്കടപ്പെടുന്നുമുണ്ടു്. പക്ഷേ, അവരുടെ ആഗ്രഹങ്ങളും ആത്മനിവേദനങ്ങളുംകൊണ്ടു് ഒരു ഫലവുമില്ല. നേതൃത്വപരിശീലനം എന്ന പരിപാടിമാത്രമേ നടക്കുന്നുള്ളു.

ഈ ദുരവസ്ഥ ആരും അറിയാതെ വളന്നതൊന്നുമല്ല, എല്ലാവരും അറിഞ്ഞതാണു്. രക്ഷാകത്താക്കളും വിദ്യാഭ്യാസപ്രവത്തകരും പൊതുക്കാര്യപ്രസക്തരുമായ നമ്മളിൽ പലരും ഈ വിഷവൃക്ഷത്തിനു് വളംവെച്ചവരുമാണു്. പരമനീചമായ തെമ്മാടിത്തം കാണിക്കുന്നവനോടുപോലും, സംഭവം കഴിഞ്ഞാൽ, എല്ലാവക്കും ദാക്ഷിണ്യം ഉളവാകും. ''കുട്ടികളല്ലെ! വീണ്ടുവിചാരമില്ലാതെ വല്ലതുമൊക്കെ ചെയ്യുന്നിരിക്കും. അതിനു് ഇത്ര വളരെ കഠിനനടപടികൾ എടുത്താലോ? അവരുടെ ജീവിതം പാഴായിപ്പോവുകയില്ലേ? ച്ഛെ! ച്ഛെ! ശിക്ഷയൊന്നും വേണ്ട. മാപ്പുകൊടുക്കണം.'' എന്ന മട്ടിൽ ന്യായവാദം നടത്തുവാൻ എത്രയോ ആളുകളുണ്ടാകും. അവർമൂലം ബാക്കിയുള്ള അൻപതുലക്ഷത്തിന്റെ ജീവിതം പാഴാകുന്നതിൽ ഈ ദാക്ഷിണ്യമൂത്തികൾക്കു് ഖേദമില്ല. രക്ഷാകത്താക്കളുടെ ഹൃദയവേദനയെപ്പററി ആക്കും ചിന്തയില്ല. ഒരിക്കലല്ല, ഒൻപതുതവണ മാപ്പുകൊടുത്തു് ഗുണദോഷിച്ചതാണെന്നും, രക്ഷാകത്താവിനെ വിളിച്ചുകൊണ്ടുവരുവാൻ പറഞ്ഞപ്പോൾ വഴിയേപോയവനെ കൂലികൊടുത്തു് കൂട്ടിക്കൊണ്ടു വന്നുവെന്നും ഉള്ളതിനു് തെളിവു കാണിച്ചാലും, പിന്നെയും ദാക്ഷിണ്യത്തിനുവേണ്ടി വാദിക്കുന്ന മഹാമനസ്കന്മാരുണ്ടു്. അദ്ധ്യാപകരുടെ ഇടയ്ക്കും ഭരണാധികാരികളുടെ ഇടയ്ക്കും പൊതുക്കാര്യപ്രസക്തന്മാരുടെ ഇടയ്ക്കും ഇങ്ങനെയുള്ളവരെ കാണാം.

അപാത്രത്തിലുള്ള ഈ ദാക്ഷിണ്യമാണു് നമ്മുടെ വിദ്യാഭ്യാസത്തെ നശിപ്പിച്ചതു്. സർദാർ വല്ലഭ്ഭായി പട്ടേലിന്റെ കാലശേഷം അച്ചടക്കത്തെ വിലമതിക്കുന്ന ഒരു ഭരണാധിപനും ഈ ഉപഭൂഖണ്ഡത്തിൽ ഉണ്ടായില്ലല്ലോ എന്നു പരിതപിച്ചുപോകുന്നു. അദ്ദേഹം കേന്ദ്രഗവണ്മെൻറിൽ ആഭ്യന്തരമന്ത്രിയായിരുന്ന കാലത്തു് ദൽഹിയിൽ വിദ്യാർഥികളുടെമേൽ ഒരു ലാത്തിച്ചാർജ്ജു് നടന്നു. ഭരണകക്ഷിയിൽപ്പെട്ട ചിലരുടെ മക്കളും തല്ലുകൊണ്ടു. അടുത്തദിവസം പാർലമെൻറിൽ ആ സംഭവത്തിന്റെ പേരിൽ ബഹളമായി. പോലീസിന്റെ കടുംകയ്യെന്നും, വിദ്യാർഥിവേട്ടയെന്നും ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും മററുമുള്ള മുറവിളികൾ ഉയന്നപ്പോൾ സർദാർ പട്ടേൽ എഴുന്നേററു്, ''വിദ്യാർഥികൾ പോലീസിന്റെ നേക്കു് കല്ലെറിഞ്ഞു എന്ന റിപ്പോർട്ടു് ശരിതന്നെയോ'' എന്നു ചോദിച്ചു. ''പ്രകോപനമുണ്ടായപ്പോൾ എറിഞ്ഞു. വിദ്യാർഥികൾ മാത്രമല്ല ആരും അപ്പോൾ എറിയും.'' എന്നു് ബഹളംകൂട്ടിയവർ മറുപടി പറഞ്ഞു. ''അങ്ങനെ ചെയ്യുന്നവനെ അടിക്കാൻതന്നെയാണു് പോലീസിനു് ശമ്പളം കൊടുക്കുന്നതു്—മര്യാദകെട്ടവരുടെ ഏറുകൊള്ളാനല്ല. യാതൊരു അന്വേഷണ


ഫോൺ: ഓഫീസ് 24—റസിഡൻസ് 67 Estd. 1967

**മുസ്തഫ ബുക്ക് കമ്പനി**

പഴയങ്ങാടി—670303, കണ്ണൂർ ജില്ല.

സ്കൂൾ, ഓഫീസ്, പബ്ലിക്ക് എന്നിവക്കു് ആവശ്യമായ എല്ലാവിധ രജിസ്റ്ററുകൾ, മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബു്, K. S. R., K. E. R., Service Books, Provident Fund Pass Books, എന്നിവയും വിദഗ്ധ പരിശീലനം ലഭിച്ചവരാൽ തയ്യാറാക്കപ്പെട്ട Unit tests, Quarterly, Half-yearly, Annual Examinations question Papers, Year plan, 10th std. Model Papers എന്നിവയും ചുരുങ്ങിയ വിലക്കു് മൊത്തമായും ചില്ലറയായും ഞങ്ങൾ വിററുവരുന്നു.

പ്രൊപ്രൈററർ
A. T. A. Musthaffa.



COMPLIMENTS FROM

# RADHAS

QUILON





Digitized by Kerala Sahitya Akademi

ത്തിൻെറയും ആവശ്യമില്ല. അതിന ഞാൻ സമ്മതിക്കുകയുമില്ല.'' എന്നു് പട്ടേലിൻെറപക്കൽനിന്നു് ദൃഢസ്വരത്തിലുണ്ടായ പ്രഖ്യാപനം ആ സംഭവത്തിനു് അവിടെ വെച്ചു് പൂർണ്ണവിരാമമിട്ടു.

ഏതു മാനദണ്ഡംവെച്ചു നോക്കിയാലും അക്ഷന്തവ്യമായ കുററം ചെയ്തവൻെറ പേരിൽ ഇത്രവളരെ ദാക്ഷിണ്യമെന്തിനു്? അതിനു് ആരും വഴിപ്പെടാതിരുന്നെങ്കിൽ ഈ വിദ്യാർത്ഥിദ്രോഹം പണ്ടേക്കുപണ്ടേ നില്ലുമായിരുന്നു. ഒരുത്തനെയെങ്കിലും വിദ്യാഭ്യാസരംഗത്തുനിന്നു് എന്നന്നേക്കുമായി ബഹിഷ്ക്കരിച്ചാൽ മതിയായിരുന്നു. ആദ്യം ശിക്ഷിക്കുകയും അടുത്തദിവസം ദാക്ഷിണ്യത്തിൻെറപേരിൽ അകത്തു കയററുകയുമാണു് ഇന്നുവരെ നടന്നിട്ടുള്ളതു്. ഈ നാട്ടെല്ലില്ലാത്ത നയം കുററം ചെയ്യുവനെ വീരപുരുഷനാക്കുവാൻ മാത്രമേ ഉതകിയിട്ടുള്ളു. വിദ്യാർത്ഥിയാണെങ്കിൽ എന്തും ചെയ്യാം, ഒരു കുഴപ്പവും വരുകയില്ല എന്ന വിശ്വാസം അടിയുറച്ചുപോയിരിക്കുന്നു. വിദ്യാർത്ഥികളിൽനിന്നു് മുതിർന്നവരിലേക്കും ഈ ദാക്ഷിണ്യം നീട്ടേണ്ടതാണെന്ന അഭിപ്രായവും പുറകേതന്നെ ഉണ്ടാകും. ഗാന്ധിജിയെ വെടിവെച്ചുകൊന്ന ഗോഡ്സയെ തൂക്കുമരത്തിൽനിന്നു് രക്ഷിക്കണമെന്ന അഭിപ്രായം ഉണ്ടായതാണു്. ഭാഗ്യവശാൽ അന്നത്തെ ഗവണ്മെൻറു് അതിനു വഴിപ്പെട്ടില്ല. വഴിപ്പെട്ടെങ്കിൽ കൊലപാതകികളും ഇന്നു് വീരപുരുഷന്മാരാകുമായിരുന്നു.

എന്നാലും കാലമെല്ലാം മാറിപ്പോയെന്നു് പറയാതെ തരമില്ല. ഭരണവും സമരവും ഒന്നിച്ചു നടത്തുന്ന ഗവണ്മെൻറുകൾ നിലവിൽ വന്നിരിക്കുകയാണു്. പോലീസിനെ വിളിക്കും എന്നു ഭീഷണിപ്പെടുത്തിയാൽ, ''സാറേ, ഞങ്ങൾ മന്ത്രിയുടെ അടുത്തുനിന്നാണു് വരുന്നതു്. പോലീസുകാരൻ മന്ത്രി പറയുന്നതു കേൾക്കുമോ, സാറു പറയുന്നതു കേൾക്കുമോ?'' എന്നു് പുച്ഛരസത്തിൽ പൊട്ടിച്ചിരിച്ചുകൊണ്ടു് വിദ്യാർത്ഥികൾ ചോദിക്കുന്ന കാലമാണു്. പക്ഷേ, ഒരു കാര്യം തീർച്ചപറയാം. വിദ്യാർത്ഥികളെ പോരാളികളായും വിദ്യാലയങ്ങളെ പോർക്കളങ്ങളായും മാററുന്ന ഈ ഘോരപാതകം എന്നെങ്കിലും ഒരിക്കൽ അവസാനിപ്പിക്കേണ്ടിവരും. 1956–ൽ ഹംഗറിയിലും, 1968–ൽ ഫ്രാൻസിലും 1969–ൽ ചൈനയിലും ഉണ്ടായ അനുഭവം അതാണു്. ഇന്നു് സൂചികൊണ്ടെടുക്കാവുന്നതു് അന്നു് തൂമ്പാകൊണ്ടു് എടുക്കും. പ്രത്യയശാസ്ത്രവിപ്ലത്തിൻെറപേരിലും, ഒരുത്തനെ രക്ഷിക്കുവാൻ വേണ്ടി ഒരുലക്ഷത്തിനെ ദ്രോഹിക്കുന്ന ക്രൂരമായ ദാക്ഷിണ്യത്തിൻെറപേരിലും ഈ പരിപാടിയെ വളർത്തിയവർതന്നെ ടാങ്കുകളും പോർവിമാനങ്ങളും പിരങ്കികളും ഉപയോഗിച്ചു് ഒരു തലമുറയെ മുഴുവനും സംഹരിക്കും. അഥവാ ഡിഗാളിനെയും മാവോസേതുങ്ങിനെയുംപോലെ ധൈര്യപൂർവ്വം പ്രവർത്തിക്കുവാൻ ഭരണാധികാരികൾ മടിക്കുകയാണെങ്കിൽ, സ്വൈരജീവിതം കാംക്ഷിച്ചു് സഹികെട്ട ജനസഞ്ചയംതന്നെ ശിക്ഷാനടപടികൾ കൈക്കൊള്ളും. 1970–ൽ അമേരിക്കൻ ഐക്യനാടുകളിൽ ഇതു സംഭവിച്ചു. നീലക്കുപ്പായമിട്ട മെയ്ക്കാട്ടുവേലക്കാർ കട്ടപ്പാരയും കുറുവടിയുമെടുത്തു് വിദ്യാർത്ഥിബഹളങ്ങൾ ഒതുക്കി. ബെർക്ക്ലി എന്ന സ്ഥലത്തുള്ള കാലിഫോർണിയാ സർവ്വകലാശാലാകേന്ദ്രം എന്നന്നേക്കുമായി അടച്ചേണ്ടിവരുമെന്നും മറിയോ സേവ്യോ എന്ന വിദ്യാർത്ഥി പ്രക്ഷോഭകനെ പേടിച്ചു് ജനങ്ങൾ ജീവിക്കേണ്ടിവരുമെന്നും ഭയപ്പെട്ടതാണു്. പക്ഷേ, ജനങ്ങൾതന്നെ ഉണർന്നു് ആ വിദ്യാപീഠത്തെയും രാജ്യത്തെയും രക്ഷിച്ചു. മറിയോ എവിടെപ്പോയെന്നു് രൂപമില്ല.

ഒരർത്ഥത്തിൽ വിദ്യാലയങ്ങളുടെയും കൂട്ടത്തോടെയുള്ള അദ്ധ്യാപനത്തിൻെയും കാലംകഴിഞ്ഞു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഇല്ലാത്ത പണം ഉണ്ടാക്കി ഈ വൻകിടവ്യവസായം ഇത്രകാലം നടത്തിയിട്ടും 60 കോടിയുള്ള ഇന്ത്യയിലെ ജനങ്ങളിൽ 40 കോടിയും നിരക്ഷരന്മാരായി ശേഷിക്കുകയാണു്. ലോകത്തിൽ ആകെയുള്ള അക്ഷരശൂന്യന്മാരിൽ നേർപകുതിയാണിതു്! ഇതാണോ വിദ്യാപ്രചാരണം? ദേശീയോൽക്കർഷം? ബഹളത്തിനു സൗകര്യം കൊടുക്കുവാൻമാത്രം ഉപകരിക്കുന്ന ഈ വ്യവസ്ഥിതി തുടരുന്നതെന്തിനു്? പഠിക്കണമെന്നുള്ളവർ റേഡിയോയും ടെലിവിഷനും ഉപയോഗിച്ചു് വീട്ടിലിരുന്നു് പഠിക്കണം എന്ന നില വന്നേക്കാം. വിദ്യാർത്ഥിസമരം മൂലം അദ്ധ്യാപകർക്കും, അദ്ധ്യാപക സമരംമൂലം വിദ്യാർത്ഥികൾക്കും, രണ്ടുകൂട്ടരും മൂലം പൊതുജനങ്ങൾക്കും സ്വൈരക്കേടും സമയനഷ്ടവും ധനവ്യയവും ഉണ്ടാകാതിരിക്കുവാൻ അതേ വഴി കാണുന്നുള്ളു. പട്ടാളച്ചിട്ടയിൽ കുറഞ്ഞ ഒരു നിയന്ത്രണവും യുവജനസമൂഹങ്ങളുടെ കാര്യത്തിൽ ഫലപ്രദമാവുകയില്ല എന്നു തെളിഞ്ഞുകഴിഞ്ഞു.

★

സ്റ്റീൽ & വെങ്കലപാത്രങ്ങൾക്കും
പ്രസൻേറഷൻ സെററുകൾക്കും

ഭവന

വെസ്റ്റേൺ മാർക്കററ് റോഡ്, കോട്ടയം. ഫോൺ: 4572
ബ്രാഞ്ച്: ഏററുമാനൂർ. ഫോൺ: 89



Digitized by Kerala Sahitya Akademi